**സി.പി ശഹീദ് റമദാൻ**

# പ്രതീക്ഷയോടെ കേരള ബജറ്റ്

എ.ഡി.ബി വിവാദങ്ങൾക്കും രൂക്ഷമായ വിലക്കയറ്റത്തിനുമിടയിൽ 'കേരളത്തിന് പുതിയ വികസന അജണ്ട, സാമ്പത്തിക നയങ്ങളിൽ ഇടത് ബദൽ' എന്നീ മുഖവുരകളോടെയാണ് ധനമന്ത്രി തോമസ് ഐസക് 2007–'08 വർഷത്തെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത്.

ബജറ്റിന് മുന്നോടിയായി നിയമസഭയിൽ സമർപ്പിച്ച സാമ്പത്തിക അവലോകനം, സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് വിരൽചൂണ്ടുന്നു. മുൻ വർഷത്തേക്കാൾ കുറവ് സാമ്പത്തിക വളർച്ച (8 ശതമാനം) കൈവരിച്ച സംസ്ഥാനം ചരിത്രത്തിലെ ഏറ്റവും വലിയ ധനക്കമ്മി നേരിടുകയാണ്.

വർധിച്ച പൊതുകടം, തളർന്നുകൊണ്ടിരിക്കുന്ന കാർഷികരംഗം, ആശാവഹമല്ലാത്ത വ്യവസായ മേഖല, ക്രമാതീതമായി വർധിക്കുന്ന വികസനേതര ചെലവുകൾ, നഷ്ടങ്ങളുടെ കണക്ക് നിരത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച ആശങ്ക, വർധിച്ചുവരുന്ന തൊഴിലന്വേഷകർ - ഇതാണ് സമ്പദ്ഘടനയുടെ ഒരു വശം. മറുവശത്ത് ഗണ്യമായ വളർച്ച കൈവരിച്ച വാണിജ്യവും ബാങ്കിംഗും ഗതാഗതവും റിയൽ എസ്റ്റേറ്റ് മേഖലകളുമുണ്ട്. കാർഷിക-പരമ്പരാഗത വ്യവസായങ്ങളുടെ തളർച്ചയും വികസന ചെലവുകളിലെ മാന്ദ്യവും പൊതു ചെലവിന്റെ സിംഹഭാഗവും ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ വികസനേതര ചെലവുകളിൽ വിനിയോഗിക്കുന്നതും തെറ്റായ സൂചനകളാണ്. സംസ്ഥാനത്തെ 40 ശതമാനം ജനങ്ങളുടെയും വരുമാനം കുറയുകയും ജീവിതഭാരം കൂടുകയും ചെയ്തപ്പോൾ ബാങ്കിംഗ്, ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ് മേഖലകളുടെ 'കുതിപ്പ്' സാമ്പത്തിക കേന്ദ്രീകരണത്തിലേക്കും വർധിച്ച അസമത്വത്തിലേക്കും നീങ്ങുന്നതിന്റെ അടയാളമാണ്.

ഈ പശ്ചാത്തലത്തിലാണ് സാധാരണക്കാരനെ കാര്യമായി ഉപദ്രവിക്കാതെയും അൽപം തലോടിയും കാർഷിക, വ്യാവസായിക, സാമൂഹിക മേഖലകൾക്ക് പ്രാധാന്യം നൽകുന്ന ബജറ്റ് ധനമന്ത്രി അവതരിപ്പിച്ചത്. 21445.76 കോടി രൂപ വരവും 26696.92 കോടി പൊതു ചെലവും 5251.16 കോടി കമ്മിയും 1319.61 കോടി മൂലധന ചെലവും പ്രതീക്ഷിക്കുന്ന ബജറ്റിൽ 854.44 കോടി വായ്പകളും മുൻകൂറുകളും 5346.94 കോടി പൊതു കടവുമാണ്.

248.69 കോടിയുടെ പുതിയ നികുതി നിർദേശങ്ങളിൽ ജീവൻ രക്ഷാ മരുന്നുകൾ, പുകയില ഉൽപന്നങ്ങൾ, തുണിത്തരങ്ങൾ, സൗന്ദര്യ വർധക വസ്തുക്കൾ, വാഹന ഇടപാടുകൾ, വസ്തു കൈമാറ്റങ്ങൾ, ഫ്ളാറ്റ് കൈമാറ്റങ്ങൾ, ചിട്ടികൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതിൽ മരുന്നിനു ഈടാക്കിയ അധിക നികുതി മൊത്തം ജനതയെ പ്രതികൂലമായി ബാധിക്കും. മരുന്ന് വില വർധിക്കില്ല എന്ന് മന്ത്രി ആവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അധിക നികുതി രോഗികൾ തന്നെ അടക്കേണ്ടി വരും. മറ്റു നികുതി നിർദേശങ്ങൾ ഇടത്തരക്കാരെയും കൂടുതൽ മേൽത്തട്ടുകാരെയുമാണ് കാര്യമായി ബാധിക്കുക. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക ക്ഷേമം തുടങ്ങി എല്ലാ മേഖലകളിലും നികുതി ഇതര ചാർജുകൾ വർധിപ്പിക്കാനുള്ള നിർദേശം സാധാരണക്കാരനെ ദോഷകരമായി ബാധിക്കും.

അതേസമയം ഗാർഹിക സാധനങ്ങളുടെ നികുതി കുറച്ചത് ഉപഭോക്താക്കൾക്ക് ആശ്വാസമായി. ധനക്കമ്മി നിയന്ത്രിക്കാൻ ചെലവ് ചുരുക്കുന്നതിന് പകരം വരുമാന സ്രോതസ്സ് വിപുലമാക്കും എന്ന നിർദേശമാണ് ബജറ്റിൽ. ഇത് ഒരു നിലക്ക് ഗുണകരമാണെങ്കിലും അനിയന്ത്രിതമായ പൊതു ചെലവുകൾ തുടരുമെന്നതിന്റെ സൂചന കൂടിയാണ്. ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. 2010–'11 ആവുമ്പോഴേക്കും ധനക്കമ്മി പൂർണമായി ഒഴിവാകും എന്ന പ്രഖ്യാപനം ആവേശകരമാണെങ്കിലും വരവും ചെലവും തമ്മിലെ താരതമ്യവും അവയുടെ വളർച്ചാനിരക്കും തട്ടിച്ചുനോക്കിയാൽ, പ്രഖ്യാപനത്തിലെ കാര്യകാരണബന്ധം മനസ്സിലാക്കാൻ പ്രയാസമുണ്ട്.

ബജറ്റ് നിർദേശത്തിൽ മൂലധന ചെലവ് (capital expenditure) അധികമാണെങ്കിൽ അത് ഗുണകരമാണ്. കാരണം അതിലൂടെ സാമ്പത്തിക ആസ്തികൾ വർധിക്കുകയും അവ ഉൽപാദനക്ഷമമാവുകയും അതിന്റെ ഫലം എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാവുകയും ചെയ്യും. അതേസമയം റവന്യൂ ചെലവ് (revenue expenditure) പരിമിത വിഭാഗത്തിന് (ഉദാ: ശമ്പളം, പലിശ, പെൻഷൻ...) മാത്രം ലഭിക്കുകയും ഉൽപാദനക്ഷമമല്ലാതാവുകയും ചെയ്യുന്നു. ഈ അർഥത്തിൽ പുതിയ ബജറ്റ് നിരാശാജനകമാണ്. 26696.92 കോടി രൂപ റവന്യൂ ചെലവ് പ്രതീക്ഷിക്കുമ്പോൾ മൂലധന ചെലവ് കേവലം 1319.61 കോടി രൂപ മാത്രമാണ്.

ഉൽപാദന മേഖലകളായ കൃഷി, വ്യവസായം തുടങ്ങിയവക്ക് മുന്തിയ പരിഗണന പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന സമ്പദ്ഘടനയിൽ നിർണായക സ്ഥാനം ഇന്ന് 'സേവനമേഖല'ക്കാണ്. പക്ഷേ സേവനമേഖലയുടെ നിലനിൽപിന് അടിസ്ഥാനം കാർഷിക വ്യാവസായിക രംഗങ്ങളാണ്. പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് പദ്ധതികൾ ആസൂത്രണം ചെയ്തതും, കയർഫെഡ്, കൈത്തറി, ഖാദി ഗ്രാമ, കശുവണ്ടി, ബീഡി, കരകൗശല വ്യവസായങ്ങൾക്ക് ബജറ്റിൽ നീക്കിയിരുപ്പ് നടത്തിയതും ശ്രദ്ധേയമാണ്. ഈ മേഖലകൾ കേരളീയ സാംസ്കാരിക സാമ്പത്തിക ജീവിതത്തിന്റെ അടിത്തറയാണ്. തുക അപര്യാപ്തമെങ്കിലും ഈ നീക്കിയിരുപ്പിന്റെ പശ്ചാത്തലത്തിൽ ക്രിയാത്മകമായ മുന്നേറ്റങ്ങൾ പ്രതീക്ഷിക്കാം.

നയപ്രഖ്യാപനത്തിൽ പ്രതീക്ഷിച്ച അത്ര ഇല്ലെങ്കിലും കാർഷിക മേഖലക്ക് അനുവദിച്ച ആയിരം കോടി രൂപയും മറ്റു അനുബന്ധ നീക്കിയിരിപ്പുകളും ബജറ്റിന്റെ പ്രത്യേകതകളാണ്. കടാശ്വാസ കമീഷനും കർഷക തൊഴിലാളി പെൻഷ

നും നെല്ലുൽപാദനം വർധിപ്പിക്കാനുള്ള പദ്ധതികളും നാണ്യ കർഷകർക്കുള്ള പാക്കേജും വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കുള്ള വകയിരുത്തലും പ്രതീക്ഷക്ക് വക നൽകുന്നു. അസ്തമിച്ചുകൊണ്ടിരിക്കുന്ന 'കാർഷിക സംസ്കാരം' വീണ്ടെടുക്കുന്നതിന് പുതിയ 'ഹരിത വിപ്ലവം' ആവശ്യമായിരിക്കുകയാണ്. കാർഷിക പദ്ധതികൾ സേവനമേഖലകളിൽ ഊന്നുന്നതിന് പകരം മൂലധന, നിർമാണ മേഖലകളിലേക്ക് കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമ പദ്ധതികൾ തുടങ്ങിയ സാമൂഹിക സേവന മേഖലകൾക്ക് ഊന്നൽ നൽകാൻ ബജറ്റ് ശ്രമിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി, ബിരുദ-ബിരുദാനന്തര, ഗവേഷണ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, സർവകലാശാലകളുടെ വികസനം, സ്കൂൾ വിദ്യാർഥികളുടെ ഉച്ച ഭക്ഷണം, കലാലയ പുരോഗതി തുടങ്ങി വ്യത്യസ്ത പദ്ധതികൾ വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുണ്ട്. സൗജന്യ ചികിത്സ, മെഡിക്കൽ കലാശാലകൾ, ശുചിത്വ പദ്ധതികൾ തുടങ്ങി ആരോഗ്യമേഖലകളിലും ശ്രദ്ധ ഊന്നിയിട്ടുണ്ട്.

ടൂറിസം, ഐ.ടി, ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിലും കാര്യമായ വകയിരുത്തൽ നടത്തിയിരിക്കുന്നു.

പുത്തൻ സാമ്പത്തിക പരിഷ്കാരത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പിൻവാങ്ങിക്കൊണ്ടിരിക്കുന്ന മേഖലകളിലേക്ക് എത്തിനോക്കാൻ ബജറ്റ് ശ്രമിക്കുന്നു. ആ അർഥത്തിൽ ബജറ്റ് നിർദേശങ്ങൾ ആശാവഹമാണ്. അതേസമയം ചില അടിസ്ഥാന വിഷയങ്ങളിൽ കൈവെക്കാതിരുന്നത് ന്യൂനതയായി കാണണം. വിലക്കയറ്റം നിയന്ത്രിക്കാനും വില സ്ഥിരത ഉറപ്പുവരുത്താനും കാര്യമായി ശ്രദ്ധിച്ചിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കാനും ദാരിദ്ര്യ നിർമാർജനത്തിനും കാര്യമായ പരിഗണന ലഭിച്ചിട്ടില്ല. പിന്നാക്ക മലയോര മേഖലകൾ അവഗണിക്കപ്പെട്ടു. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ ന്യൂനപക്ഷ ക്ഷേമത്തിന് പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ സംസ്ഥാന ബജറ്റിൽ അവ വിസ്മരിക്കപ്പെട്ടു.

ബജറ്റ് നിർദേശങ്ങളും നികുതി-ചെലവ് രീതികളും പണം കേന്ദ്രീകരിക്കപ്പെട്ടിടത്തുനിന്ന് വസൂലാക്കി അത് നിഷേധിക്കപ്പെട്ടവരിലേക്ക് പുനർവിതരണം ചെയ്യുക എന്ന പൊതുതത്ത്വത്തിലാവണം. സർവോപരി ബജറ്റിൽ സാമൂഹിക നീതി കൈവരിക്കാനുള്ള കാൽവെപ്പുകൾ ഉണ്ടാവണം. സമ്മർദങ്ങളും പ്രീണനങ്ങളും ബജറ്റിന്റെ മാനദണ്ഡമാവാൻ പാടില്ല. അങ്ങനെ വരുമ്പോൾ പാവപ്പെട്ടവൻ കൂടുതൽ ഭാരം പേറേണ്ട അവസ്ഥ വന്നുചേരും. ജനാധിപത്യ-ഫെഡറൽ ഘടനയിൽ എല്ലാ പ്രദേശങ്ങളും ജനവിഭാഗങ്ങളും തുല്യ പരിഗണന അർഹിക്കുന്നുണ്ട്.

സാമ്പത്തിക സർവേ സൂചിപ്പിക്കുന്ന പോലെ നമ്മുടെ പൊതു ചെലവിന്റെ ഗണ്യമായ ഭാഗം പലിശയാണ്. പുതിയ ബജറ്റിലും പലിശക്ക് വേണ്ടി നീക്കിയിരിപ്പുണ്ട്. വർധിച്ചുവരുന്ന ആഭ്യന്തര വിദേശ കടക്കെണികൾ സമ്പദ്ഘടനയെ ദുർബലമാക്കുന്നു. സമ്പദ്ഘടനക്ക് ശാപമായ പലിശക്കെണിയിൽനിന്ന് ഭരണകൂടത്തെയും സമ്പദ്ഘടനയെയും പൊതു സമൂഹത്തെയും രക്ഷപ്പെടുത്തേണ്ടതുണ്ട്. അതിനായി പുതിയ സംവിധാനങ്ങൾ നടപ്പിൽ വരുത്തണം.

സംഭരിച്ച് ഓഹരി വെക്കുന്ന ഏർപ്പാടല്ല ബജറ്റ്. മറിച്ച് സമ്പദ്ഘടനയെ ദിശാബോധത്തോടെ വികസനത്തിലേക്ക് നയിക്കാനുള്ള ചൂണ്ടുപലകയാണ്. കേവല പ്രഖ്യാപനങ്ങൾ കൊണ്ടു മാത്രം കാര്യമില്ല. കാര്യക്ഷമമായി നടപ്പിൽ വരുത്തുകയാണ് പ്രധാനം. ഭരണകൂടത്തിന്റെയും പ്രതിപക്ഷത്തിന്റെയും പൊതുജനത്തിന്റെയും ആത്മാർഥമായ സഹകരണത്തോടുകൂടി മാത്രമേ അത് സാധ്യമാവൂ. ■